(ഡി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യു റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ

61 (446) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഓരോ വർഷവും എന്ത് തുക വീതമാണ് ബജറ്റിൽ വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വർഷവും ഏതെല്ലാം പദ്ധതികളാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിരുന്നത്;

(സി) ഇതിൽ ഒരോ പദ്ധതി മുഖേനയും എത്ര മെഗാവാട്ട് ഉൽപാദനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) ഓരോ പദ്ധതിയിലും ഓരോ വർഷവും ഉദ്ദേശിച്ച രീതിയിൽ ഉൽപാദന വർദ്ധന കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയാണെന്നും അതുവഴി ലക്ഷ്യമിട്ട വൈദ്യുതി ഉൽപാദനം സാദ്ധ്യമായില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക താഴെ കൊടുത്തിരിക്കുന്നു:

2011-12	383.67 കോടി
2012-13	274.27 കോടി
2013-14	256.48 കോടി
2014-15	338.85 കോടി
2015-16	383.3 കോടി

(ബി) ഓരോ വർഷവും പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി* നൽകിയിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 -ൽ പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ വിലങ്ങാട് (7.5 MW), ചിമ്മിനി (2.5 MW)എന്നീ പദ്ധതികൾ കമ്മിഷൻ ചെയ്തു. ബാരപ്പോൾ (1.5 MW) പദ്ധതി ഉടൻതന്നെ കമ്മിഷൻ ചെയ്യാൻ സാധിക്കുന്നതാണ്. 2015-16-ൽ കമ്മിഷൻചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ആഢ്യൻപാറ (3.5 MW) പദ്ധതി കമ്മിഷൻ ചെയ്തു. ബാക്കി പദ്ധതികളുടെ പണി പുരോഗമിക്കുന്നു. സൗരോർജ്ജം, കാറ്റ് എന്നീ സ്രോതസ്സുകളിലൂടെയുള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഡി&ഇ) കെ.എസ്.ഇ.ബി.എൽ. സ്വന്തം ഫണ്ടിൽനിന്നും വായ്പ മുഖാന്തിരവും വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2011-16 കാലഘട്ടത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

തുക കോടിയിൽ

വർഷം	ബഡ്ജറ്റ്	ചെലവ്
2011-12	383.67	159.83
2012-13	274.27	256.71
2013-14	256.48	414.56
2014-15	338.85	293.87
2015-16 (2015 ഡിസംബർ വരെ)	383.30	111.58

അപ്രതീക്ഷിതമായി ഉണ്ടായ മണ്ണിടിച്ചിൽ/പാറ ഇടിച്ചിൽ, പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുണ്ടായ ബുദ്ധിമുട്ട്, വനഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിനുണ്ടായ കാലതാമസം മുതലായവ പദ്ധതി സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് തടസ്സമായിട്ടുണ്ട്.

വൈദ്യുത പദ്ധതികൾ

62(447) ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടത്തിപ്പിലെ ആസൂത്രണമില്ലായ്മമൂലം സംസ്ഥാനത്ത് വൻകിട വൈദ്യുത പദ്ധതികൾ പരാജയപ്പെട്ടിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly